ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ണൂർ മുൻസിപ്പാലിറ്റി അതിർത്തി പ്രദേശത്തിനുള്ളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) നിലവിൽ ആസ്ഥാനം പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ ക്ലാസ്സുകൾ നടത്തുവാൻ ഉദ്ദേശിച്ച് നിർമ്മിച്ചിട്ടുള്ളവയാണ്.

(ഡി) ഉണ്ട്.

മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ

78 (2942) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. എ. സുജനപാൽ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീമതി മെഴ്സി രവി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം നടത്തിയ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ സി.ബി.എസ്.ഇ. സിലബസ് അനുസരിച്ചുള്ള സ്കൂളുകളിൽ പഠിച്ച എത്രപേർ റാങ്ക് നേടി ;

(ബി) സംസ്ഥാന സിലബസ് അനുസരിച്ചുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിച്ച എത്രപേരും മലയാളം മീഡിയം സ്കൂളുകളിൽ പഠിച്ച എത്രപേരും റാങ്ക് ജേതാക്കളായി ;

(സി) മറ്റേതെങ്കിലും സിലബസ് അനുസരിച്ച് പഠിച്ച എത്രപേർ റാങ്ക് നേടി ; ആദ്യ നൂറ് റാങ്കിനുള്ളിൽ പ്രസ്തുത ഓരോ വിഭാഗത്തിലുംപ്പെട്ടവർ എത്ര വീതമുണ്ടായിരുന്നു ?

ഉത്തരം

(എ) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ് അനുസരിച്ചുള്ള സ്കൂളികളിൽ പഠിച്ച് റാങ്ക് നേടിയവരുടെ എണ്ണം താഴെ കൊടുക്കുന്നു.

എഞ്ചിനീയറിംഗ്	-	10050 പേർ
മെഡിക്കൽ	-	8241 പേർ

(ബി) ഇത്തരത്തിലുള്ള വിവരം ശേഖരിച്ചിട്ടില്ല.

(സി) മറ്റ് സിലബസ് അനുസരിച്ച് റാങ്ക് നേടിയവരുടെ വിവരം താഴെ ചേർക്കുന്നു.

എഞ്ചിനീയറിംഗ്	-	28556 പേർ
മെഡിക്കൽ	-	28233 പേർ

LIBRARY ARCHIVES Kerala Legislative Assembly

ആദ്യ 100 റാങ്കിനുള്ളിൽ ഉൾപ്പെട്ടവർ താഴെപ്പറയും പ്രകാരമാണ്.

കോഴ്സ്	സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ.	മറ്റുള്ളവർ
എഞ്ചിനീയറിംഗ്	71	29
മെഡിക്കൽ	57	43

ചോദ്യ ബാങ്ക് രൂപീകരിക്കുന്നതിന്റെ പ്രാരംഭ ചെലവ്

79 (2943) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്കുള്ള ചോദ്യ ബാങ്ക് രൂപവൽക്കരിക്കുന്നതിന് എത്ര ലക്ഷം രൂപയുടെ പ്രാരംഭ നിക്ഷേപം ആണ് ആവശ്യമായിട്ടുള്ളത് ;

(ബി) ഈ തുക എങ്ങനെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ചോദ്യ ബാങ്ക് രൂപവൽക്കരിക്കുന്നതിന് ആദ്യഘട്ടത്തിൽ എത്ര ചോദ്യങ്ങൾ വേണ്ടി വരും ;

(ഡി) ഈ ചോദ്യങ്ങൾ തയ്യാറാക്കുന്ന രീതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ചോദ്യ ബാങ്ക് തയ്യാറാക്കുന്നതിന് അയൽ സംസ്ഥാനങ്ങളിലെ വിദഗ്ദ്ധരുടെ സേവനം ആവശ്യമുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രവേശന പരീക്ഷാ കമ്മീഷണറുടെ കണക്കനുസരിച്ച് ചോദ്യ ബാങ്ക് രൂപീകരിക്കുവാൻ ഒന്നാം വർഷം 29 ലക്ഷം രൂപയുടേയും രണ്ടാം വർഷം 21 ലക്ഷം രൂപയുടേയും തുടർന്നുള്ള വർഷങ്ങളിൽ പ്രതിവർഷം 15 ലക്ഷം രൂപയുടേയും നിക്ഷേപമാണ് വേണ്ടിവരിക.

(ബി) ചോദ്യ ബാങ്ക് രൂപീകരിക്കുവാൻ ഇതുവരെയും തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ഉദ്ദേശ്യം 50,000 ചോദ്യങ്ങൾ വേണ്ടിവരും.

(ഡി-എഫ്) ചോദ്യ ബാങ്ക് രൂപീകരിക്കുവാൻ സർക്കാർ ഇതുവരെയും തീരുമാനം കൈക്കൊണ്ടിട്ടില്ലാത്ത സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly